**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ശമ്പളം, പെൻഷൻ എന്നിവയുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം ഗഡുക്കൾ ആയിട്ടാണോ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ അതാത് മാസത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ചും ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യത അനുസരിച്ചും ഗഡുക്കളായും ഒറ്റ ഗഡുവായും ശമ്പളം വിതരണം ചെയ്യാറുണ്ട്. ജൂലൈ മാസത്തെ ശമ്പളം ഒറ്റ ഗഡുവായി വിതരണം ചെയ്യുകയുണ്ടായി. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ ശമ്പളം, പെൻഷൻ എന്നിവയുടെ വിതരണത്തിൽ നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>കൺസോർഷ്യം / ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, ഡീസൽ, സ്പെയർ പാർട്സ് തുടങ്ങിയ അവശ്യ ചെലവുകൾ കഴിഞ്ഞ് പ്രതിമാസം ശരാശരി 20 മുതൽ 30 കോടി രൂപ വരെ മാത്രമാണ് കോർപ്പറേഷന് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കുന്നത്. ശമ്പള വിതരണത്തിനായി കുറവ് വരുന്ന തുക സർക്കാർ സഹായം നൽകുന്നതനുസരിച്ച് ശമ്പളം വിതരണം ചെയ്യുന്നുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ കൺസോർഷ്യം (PACS) മുഖാന്തിരമാണ് 2018 മുതൽ പെൻഷൻ വിതരണം ചെയ്തുവന്നിരുന്നത്. പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന്റെ (PACS) ആവശ്യം സർക്കാർ നിരസിച്ചതിനെത്തുടർന്ന് പെൻഷൻ വിതരണം തടസ്സപ്പെടുകയുണ്ടായി. തുടർന്ന് കാലതാമസം നേരിട്ടെങ്കിലും സർക്കാർ ലഭ്യമാക്കിയ ധനസഹായവും, കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നുള്ള തുകയും ഉപയോഗിച്ച് 2023 ജൂലായ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ശമ്പളം നൽകുന്നതിനായി പണം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യ്ക്ക് 2023-24 സാമ്പത്തികവർഷം 7055-00-190-99-PV ശീർഷകത്തിൽ വകയിരുത്തിയ 900 കോടി |

| | | | |
|---|---|---|---|
| | | | രൂപയിൽ നിന്നും ടി കോർപ്പറേഷൻ ആവശ്യപ്പെടുന്ന ക്രമത്തിൽ, സർക്കാരിന്റെ ധനസ്ഥിതി കൂടി മുൻനിർത്തി സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. |
| (ഡി) | ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും, കൺസോർഷ്യം / ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവുകൾ, ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ അനിയന്ത്രിത വിലക്കയറ്റം കാരണവും കേന്ദ്ര സർക്കാർ ബൾക്ക് പർച്ചേഴ്സ് ആനുകൂല്യം എടുത്തുകളഞ്ഞതുമൂലവും ലഭ്യമാകുന്ന വരുമാന വർദ്ധനവിന്റെ ഗുണഫലം ഇല്ലാതാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. എന്നിരുന്നാലും ഡോക്കിലുള്ള പരമാവധി ബസുകൾ കൂടി നിരത്തിലിറക്കിയും, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയും വരുമാനം ഉയർത്തുന്നതിനോടൊപ്പം, ഡീസൽ ചെലവ്, സ്പെയർ പാർട്സ് ഉപഭോഗം എന്നിവ നിയന്ത്രിച്ച് ചെലവ് ചുരുക്കി ലാഭ നഷ്ടമില്ലാത്ത സന്തുലിതാവസ്ഥയിലേക്ക് സ്ഥാപനത്തെ എത്തിക്കുന്നതിനായി പരമാവധി ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ